പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1485 — 03.12.2018-ലെ മറുപടിക്ക്

## 'നെച്ചിക്കാട് പറമ്പ് കമ്പിവളപ്പ് നിവാസികൾക്ക് പട്ടയം'

**ചോദ്യം**

ശ്രീ. ടി.എ.അഹമ്മദ് കബീർ

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ താലൂക്കിലെ കോട്ടൂർ വില്ലേജിൽ സർവ്വേ നമ്പർ 95/1-ൽഉൾപ്പെട്ട നെച്ചിക്കാട് പറമ്പ് നിവാസികൾ തങ്ങളുടെ കൈവശഭൂമിയ്ക്ക് പട്ടയമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) യും (സി) യും | കോട്ടൂർ വില്ലേജ് സർവ്വെ നമ്പർ 95/1 ൽപ്പെട്ട ഭൂമിയിൽ എസ്.എം.പി.49/77, എസ്.എം.പി. 52/77 എന്നീ മിച്ചഭൂമി കേസുകൾ നിലവിലുണ്ട്. ആയതിനാൽ എസ്.എം.പി.49/77 നമ്പർ കേസിൽ ടി സർവ്വെ നമ്പറിലിൽ നിന്നും 18.40 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുന്നതിന് 23/05/2018-ന് ഉത്തരവായിട്ടുള്ളതും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br>എസ്.എം.പി. 52/77 ൽ താലൂക്ക് ലാൻഡ് ബോർഡ് ഉത്തരവിനെതിരെ ബഹു.കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ അന്തിമ ഉത്തരവ് ലഭ്യമായാൽ മാത്രമേ ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കാനും പട്ടയം നൽകുവാനും കഴിയുകയുള്ളൂ. |
| (സി) | പ്രസ്തുത ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ